# 'നീരയെ കള്ളിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണം'

കൊച്ചി ● നീര യാഥാർഥ്യമാകണമെങ്കിൽ സംസ്ഥാനത്ത് നീരയെ കള്ളിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് നാളികേര വികസന ബോർഡ് സംഘടിപ്പിച്ച കേര കർഷകരുടെയും സംരംഭകരുടെയും സിമ്പോസിയം ആവശ്യപ്പെട്ടു. മദ്യത്തിന്റെ അംശം തീരെയില്ലാത്ത നീരയെ കള്ളിന്റെ പരിധിയിൽ പെടുത്തുന്ന അബ്കാരി നിയമം കാലോചിതമായി പരിഷ്കരിക്കണമെന്നും ആവശ്യമുയർന്നു. നാളികേര മേഖല നേരിടുന്ന വിലയിടിവിനും തൊഴിൽപ്രശ്നങ്ങൾക്കും പരിഹാരം കാണാൻ നീരയിലൂടെ സാധിക്കുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് പറഞ്ഞു. കേരകൃഷിയുള്ള 94 രാജ്യങ്ങളിൽ 93 എണ്ണവും നീരയെ മദ്യത്തിൽ നിന്നൊഴിവാക്കി വിദേശനാണ്യം



നാളികേര വികസന ബോർഡ് കൊച്ചിയിൽ നടത്തിയ കേര കർഷകരുടെയും സംരംഭകരുടെയും സിംപോസിയത്തിൽ ചെയർമാൻ ടി.കെ. ജോസ് പ്രസംഗിക്കുന്നു.

നേടുകയാണ്. നീര ചെത്തുവാൻ കർഷകസംഘങ്ങൾക്ക് അനുമതി നൽകണം. 18 കോടി തെങ്ങുകളുള്ള കേരളത്തിൽ അതിന്റെ ഒരുശതമാനം മാത്രം തെങ്ങുകൾ 300 ദിവസം ചെത്തിയാൽ മാത്രം 5400 കോടി രൂപയുടെ വരുമാനമാണ് കേരളത്തിനു ലഭിക്കുകയെന്നും അദ്ദേഹം പറഞ്ഞു. കള്ളുചെത്തു മേഖലയിൽ പാലക്കാട്ടു ജില്ലയിൽ മാത്രം 36,000 ത്തിൽപ്പരം തൊഴിലവസരങ്ങളുണ്ട്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് ഉൾപ്പെടെ ചെത്തുതൊഴിൽ മേഖലയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തണം. വിവിധ ജില്ലകളിൽ നിന്നായി ഇരുന്നൂറോളം പേരാണ് പങ്കെടുത്തത്.

കർഷകസംഘം പ്രതിനിധി ഗോപി കോട്ടമുറിയ്ക്കൽ, കിസാൻ സഭ പ്രതിനിധി ചിത്രഭാനു, സ്വതന്ത്രകർഷക സംഘം പ്രതിനിധി അഹമ്മദ് ബാവ, നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ. കെ.മുരളീധരൻ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രിയേഷ്കുമാർ, വി.കെ രാജു, ദീപ്തി. എസ്.നായർ, കെ.എസ് സെബാസ്റ്റ്യൻ, ശ്രീകുമാർ പൊതുവാൾ, ഡോ. രമണി ഗോപാലകൃഷ്ണൻ, മിനി മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.